പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1768 **26-10-2026-ൽ മറുപടിയ്ക്ക്**

സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി, പങ്കാളിത്ത പെൻഷൻ പദ്ധതി എന്നിവയുടെ കീഴിൽ വരുന്ന ജീവനക്കാരുടെ വിരമിക്കൽ പ്രായം എത്രയാണ്; ഈ പദ്ധതികൾക്ക് കീഴിൽ നിലവിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ എണ്ണം എത്രയെന്ന് ഓരോ വിഭാഗത്തിന്റെയും കണക്കുകൾ സഹിതം വ്യക്തമാക്കാമോ;

മറുപടി: **സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി (Statutory Pension Scheme):** ഈ പദ്ധതിക്ക് കീഴിൽ വരുന്ന ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 വയസ്സ് ആണ്.

പങ്കാളിത്ത പെൻഷൻ പദ്ധതി (National Pension System – NPS): ഈ പദ്ധതിക്ക് കീഴിൽ വരുന്ന ജീവനക്കാരുടെ വിരമിക്കൽ പ്രായം **60 വയസ്സ്** ആണ്.

വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) സർക്കാർ അവതരിപ്പിച്ച ധവളപത്രത്തിൽ ഏത് വിഭാഗം ജീവനക്കാരുടെ പെൻഷൻ പ്രായമാണ് ഉയർത്താൻ നിർദ്ദേശിച്ചിട്ടുള്ളത്; ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; 2026-2027 സാമ്പത്തിക വർഷത്തിലോ 2027 മെയ് 31-നു മുൻപോ പെൻഷൻ പ്രായം ഉയർത്താൻ എന്തെങ്കിലും ഒരുക്കങ്ങൾ നടത്തിയിട്ടുണ്ടോ;

മറുപടി: വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) സ്റ്റാറ്റ്യൂട്ടറി പെൻഷൻ ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് (O.A.(EKM) No. 2066/2019 & O.P.(KAT) No. 227/2020) കോടതികളിൽ നിലവിലുള്ള കേസുകളുടെ വിശദാംശവും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടും എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) നിലവിൽ പ്രാബല്യത്തിലുള്ള പി.എസ്.സി. ലിസ്റ്റുകളുടെ എണ്ണവും ഉദ്യോഗാർത്ഥികളുടെ എണ്ണവും എത്രയാണ്; ധവളപത്രത്തിൽ പെൻഷൻ പ്രായം കൂട്ടുന്നതിനൊപ്പം പി.എസ്.സി. ലിസ്റ്റിലുള്ളവരുടെ നിയമനം ഉറപ്പാക്കാൻ എന്തെങ്കിലും ശിപാർശകൾ ഉണ്ടോ; വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ